## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7756

23-07-2012-ൽ മറുപടിക്ക്

### എക്സൈസ് വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പ് ജീവനക്കാരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഒരു സ്ഥലത്ത് ഒന്നര വർഷത്തിലധികം ജോലി നോക്കിയിട്ടില്ലാത്തവരെ സ്ഥലം മാറ്റരുതെന്ന എക്സൈസ് കമ്മീഷണറുടെ സർക്കുലർ നിലവിലുണ്ടോ ; | എ) ഉണ്ട്. ഫീൽഡ് ഓഫീസുകളിൽ ജോലിനോക്കി വരുന്ന എക്സൈസ് ജീവനക്കാരെ ഒന്നര വർഷം കഴിഞ്ഞും, ചെക്ക് പോസ്റ്റുകളിൽ ജോലി നോക്കി വരുന്ന എക്സൈസ് ജീവനക്കാരെ ആറു മാസം കഴിഞ്ഞും മാത്രമേ സ്ഥലം മാറ്റത്തിന് പരിഗണിക്കാവൂ എന്ന നിബന്ധനകൾ ഉൾക്കൊള്ളുന്ന സർക്കുലർ നിലവിലുണ്ട്. എന്നാൽ, ഭരണപരമായ സൗകര്യത്തിനായി ഈ സർക്കുലറിൽ കാലാകാലങ്ങളിൽ ഇളവ് വരുത്താറുണ്ട്. |
| ബി) തിരുവനന്തപുരം ജില്ലയിൽ എക്സൈസ് വകുപ്പിന് കീഴിലുള്ള എത്ര ജീവനക്കാരെ 2012 ജൂൺ 15-ന് ശേഷം സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) 116 |
| സി) ഇപ്രകാരം സ്ഥലം മാറ്റപ്പെട്ടവരിൽ ഒരേ സ്ഥലത്ത് ഒന്നര വർഷത്തിൽ കൂടുതൽ ജോലി ചെയ്യാത്തവർ എത്രപേരുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | സി) 98 |
| ഡി) ഇവരുടെ സ്ഥലംമാറ്റം ചട്ട വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ